**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2225** | **11-10-2021 - ൽ മറുപടിയ്ക്ക്**

**ടേക്ക് എ ബ്രേക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ ശുചിമുറി നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ എത്ര പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്; | (എ) | ദേശീയ സംസ്ഥാന പാതയോരങ്ങളിൽ ശുചിമുറി നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ 2365 ശുചിമുറി സമുച്ചയങ്ങൾ ഘട്ടം ഘട്ടമായി നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 1335 പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങൾ ഇതിനകം ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | ഇതിനാവശ്യമായ ഫണ്ട് എപ്രകാരം സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) | ഇതിനായി തദ്ദേശസ്ഥാപനങ്ങളുടെ വികസന ഫണ്ട്, സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ട്, സ്വച്ഛ് ഭാരത് മിഷൻ പെർഫോർമൻസ് ബേയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റ്, സ്വച്ഛ് ഭാരത് മിഷൻ (നഗരം) ഫണ്ട്, ശുചിത്വ കേരളം (റൂറൽ/അർബൻ), എം.പി. ഫണ്ട്, എം.എൽ.എ ഫണ്ട്, ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ വികസന ഫണ്ടുകൾ എന്നിവ വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സൗജന്യ ഉപയോഗിക്കുന്നതിന് എത്ര ശുചിമുറികൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (സി) | ഗ്രാമപഞ്ചായത്തുകളിൽ 2 എണ്ണം, മുനിസിപ്പാലിറ്റികളിൽ 5 എണ്ണം, കോർപ്പറേഷനുകളിൽ 8 എണ്ണം വീതം ശുചിമുറികൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത് |

സെക്ഷൻ ഓഫീസർ